നമ്പർ: 260/2018

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമാണല്ലോ പെരുനാട് ബഥനി ആശ്രമ പ്രസ്ഥാനം. മലങ്കര സഭയുടെ ഗതിവിഗതികളെ പരിപുഷ്ടമാക്കിയ അനവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പുണ്യ ഭൂമിയാണിത്. പ. സഭയുടെ ആത്മീയ വളർച്ചയ്ക്ക് ബഥനി പ്രസ്ഥാനം നൽകിയ സംഭാവന അമൂല്യമാണ്. പരിശുദ്ധ സഭയെ നയിക്കുവാനായി അതി ശ്രേഷ്ഠരായ മഹിതാചാര്യന്മാരെയും ഉത്തമസന്യാസിമാരെയും ഈ സമൂഹത്തിൽ നിന്ന് ദൈവം ദാനമായി നൽകിയിട്ടുള്ള കാര്യവും സ്മരണീയമാണ്. മലയാളക്കരയുടെ വിദ്യാഭ്യാസ രംഗത്തും ബഥനി സന്യാസ സമൂഹം നൽകി വരുന്ന സേവനം അഭിനന്ദനാർഹമാണ്. 1918 -ൽ തുടക്കം കുറിച്ച ബഥനി ആശ്രമ പ്രസ്ഥാനം ശതാബ്ദി ആഘോഷിക്കുന്ന ഈ ധന്യ വേളയിൽ പരിശുദ്ധ സഭ മുഴുവനായും ഈ ആശ്രമത്തിനുവേണ്ടിയും ആശ്രമത്തിന്റെ ശുശ്രൂഷകൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. 2018 ഒക്ടോബർ മാസം 21-ാം തീയതി ഞായറാഴ്ച നമ്മുടെ സഭയുടെ ദേവാലയങ്ങളിൽ ബഥനി ആശ്രമ പ്രസ്ഥാനത്തേയും ആ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിട്ടുള്ളവരും നൽകി വരുന്നവരുമായ എല്ലാ പിതാക്കന്മാരെയും ശുശ്രൂഷകരെയും ഓർത്ത് പ്രത്യേകമായി പ്രാർത്ഥന നടത്തണം. പ. സഭയുടെ സന്യാസ സമൂഹം കൂടുതൽ ശക്തിപ്പെടുന്നതിനായി നമുക്ക് ദൈവകൃപ യാചിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...............

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ഒക്ടോബർ മാസം 09 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.